# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 986** **05/02/2020-ലെ മറുപടിയ്ക്ക്**

## സമഗ്ര കുടിവെള്ള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം. രാജഗോപാലൻ | | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) | കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി വളവിൽ നിർമ്മിക്കുന്ന റെഗുലേറ്റർ കേന്ദ്രീകരിച്ച് വിഭാവനം ചെയ്തിട്ടുള്ള സമഗ്ര കുടിവെള്ള പദ്ധതി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | പാലായി വളവിൽ നിർമ്മിക്കുന്ന റെഗുലേറ്റർ കേന്ദ്രീകരിച്ച രണ്ട് കുടിവെള്ളപദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>തൃക്കരിപ്പൂർ അനുബന്ധ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം -160 കോടി രൂപ<br><br>നീലേശ്വരം, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം -160 കോടി രൂപ<br><br>മേൽ പദ്ധതികളുടെ വിശദമായ എഞ്ചിനീയറിങ് റിപ്പോർട്ട് തയ്യാറാക്കി ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കി പദ്ധതി നടപ്പാക്കാവുന്നതാണ്. |
| ബി) | ഇതിന്റെ ഡി.പി.ആർ. ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ? | ബി) | മേൽ പറഞ്ഞ രണ്ട് പദ്ധതികളുടെയും ഒന്നാം ഘട്ട സർവ്വേ പൂർത്തിയാക്കി വിശദമായ എൻജിനീയറിങ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ